"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.WM2/190/2026-LSGD

തദ്ദേശ സ്വയംഭരണ (ഡബ്ല്യുഎം) വകുപ്പ്

തിരുവനന്തപുരം,

തീയതി: 11-09-2026

**<u>പരിപത്രം</u>**

വിഷയം:- ത.സ്വ.ഭ.വ - സംസ്ഥാന സർക്കാരിൻറെ 100 ദിന കർമ്മപരിപാടി - പൊതുശൗചാലയങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പാക്കൽ മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 31.07.26 ലെ നം. 577/എ/2026/എസ്.എം നമ്പർ കത്ത്

സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പരിധിയിലുള്ള പൊതുശൗചാലയങ്ങൾ പൊതുജനങ്ങൾക്ക് സുരക്ഷിതവും ശുചിത്വമുള്ളതുമായ രീതിയിൽ പ്രവർത്തനക്ഷമമായി നിലനിർത്തേണ്ടത് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്. ശുചിത്വ മിഷൻ നടത്തുന്ന പൊതുശൗചാലയങ്ങളുടെ ഓഡിറ്റിലൂടെ കണ്ടെത്തുന്ന അപാകതകൾ സമയബന്ധിതമായി പരിഹരിച്ച് എല്ലാ പൊതുശൗചാലയങ്ങളും പ്രവർത്തനക്ഷമമാക്കുന്നതിനും, അവയുടെ തുടർച്ചയായ ശുചിത്വം, സുരക്ഷ, പരിപാലനം എന്നിവ ഉറപ്പാക്കുന്നതിനുമായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പബ്ലിക് ടോയ്ലറ്റ്, ടേക്ക് എ ബ്രേക്ക്, മാർക്കറ്റ്, KSRTC/പ്രൈവറ്റ് ബസ് സ്റ്റാൻഡ്, പഞ്ചായത്ത്/നഗരസഭാ കോമ്പൗണ്ട്, ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ പൊതുശൗചാലയങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.

KSRTC/TOURISM/DTPC എന്നിവയുടെ കീഴിലുള്ള പൊതുശൗചാലയങ്ങളുടെ അറ്റകുറ്റപ്പണികളും പരിപാലനവും അതത് സ്ഥാപനങ്ങൾ ഫണ്ട് വകയിരുത്തി നിർവഹിക്കേണ്ടതാണ്.

1. **ശൗചാലയത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായ അനുബന്ധ സാമഗ്രികളുടെ ലഭ്യത**

- ശൗചാലയങ്ങളുടെ പ്രവർത്തനത്തിന് ആവശ്യമായ അനുബന്ധ സാമഗ്രികളായ മഗ്, ബക്കറ്റ്, കണ്ണാടി, സോപ്പ്, ഹാൻഡ് വാഷ്, ടോയ്ലറ്റ് ക്ലീനർ, ലൈറ്റുകൾ എന്നിവയും മറ്റ് ആവശ്യമായ അനുബന്ധ സാമഗ്രികളും അടിയന്തരമായി ലഭ്യമാക്കേണ്ടതാണ്.
- പൊതുശൗചാലയങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്ന അടിയന്തര പ്ലംബിംഗ്, ഇലക്ട്രിക്കൽ, സിവിൽ അറ്റകുറ്റപ്പണികൾ മുൻഗണനാടിസ്ഥാനത്തിൽ പൂർത്തിയാക്കി പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കേണ്ടതാണ്.

2. **അറ്റകുറ്റപ്പണികൾ**

- അറ്റകുറ്റപ്പണികൾക്ക് അടിയന്തര പ്രാധാന്യം നൽകി സമയബന്ധിതമായി

പൂർത്തിയാക്കേണ്ടതാണ്. കാലതാമസം ഒഴിവാക്കുന്നതിനായി, നിലവിലുള്ള ചട്ടങ്ങളും നടപടിക്രമങ്ങളും പാലിച്ച്, ആവശ്യമായ തുക മുൻകൂറായി അനുവദിച്ചോ ഓവർസീയർമാർക്ക് ചുമതല നൽകിയോ അംഗീകൃത ഏജൻസികളെ ചുമതലപ്പെടുത്തിയോ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കേണ്ടതാണ്.

**3. പുനർനിർമാണം ആവശ്യമായ പൊതുശൗചാലയങ്ങൾ**

- സാങ്കേതികമായി പുനർനിർമ്മാണം ആവശ്യമായ പൊതുശൗചാലയങ്ങളുടെ കാര്യത്തിൽ ആവശ്യമായ നടപടികൾ അടിയന്തരമായി പൂർത്തിയാക്കി പുനർനിർമ്മിക്കേണ്ടതാണ്.

**4. ഫണ്ടിംഗ്**

- പൊതുശൗചാലയങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പുനഃസ്ഥാപനത്തിനും അനുബന്ധ സാമഗ്രികൾ വാങ്ങുന്നതിനും ആവശ്യമായ തുക അതത് തദ്ദേശ സ്ഥാപനങ്ങളിൽ ലഭ്യമായ വികസന ഫണ്ട്, തനത് ഫണ്ട്, CSR സ്പോൺസർഷിപ്പ് ഫണ്ട് അല്ലെങ്കിൽ മറ്റ് അനുവദനീയമായ ധനസ്രോതസ്സുകളിൽ നിന്ന് കണ്ടെത്തേണ്ടതാണ്. ₹10,000/- വരെ ചെലവ് വരുന്ന പ്രവൃത്തികൾ/വാങ്ങലുകൾക്ക് നടപടിക്രമങ്ങൾ ലളിതമാക്കി തനത് ഫണ്ടിൽ നിന്ന് തുക കണ്ടെത്തേണ്ടതാണ്.
- 10000/- രൂപ മുതൽ രണ്ട് ലക്ഷം രൂപ വരെ ചെലവ് വരുന്ന ഗ്രാമ പഞ്ചായത്തുകളിലെ ഒരു പൊതുശൗചാലയത്തിന് പരമാവധി ₹2 ലക്ഷം വരെ ശുചിത്വ കേരളം/സംസ്ഥാന ശുചിത്വമിഷനിൽ ലഭ്യമായിട്ടുള്ള ശുചിത്വകേരളം(റൂറൽ)/CSR ഫണ്ടിൽ നിന്ന് ചെലവഴിക്കാൻ അനുവദിക്കുന്നതാണ്. ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് തുക ലഭ്യമാക്കുന്നതാണ്.
- നഗരപരിധിയിൽ അറ്റകുറ്റപ്പണി ആവശ്യമായി വരുന്ന ശൗചാലയങ്ങൾക്ക് SBM(U) പദ്ധതിയിൽ നിന്ന് ഫണ്ട് കണ്ടെത്താവുന്നതാണ്. 2014-ന് ശേഷം നിർമ്മിച്ച ശൗചാലയങ്ങൾക്ക് യൂണിറ്റ് നിരക്കിന്റെ പരമാവധി 50% (₹1,50,000/- ന്റെ 50%) തുക അനുവദിക്കാവുന്നതാണ്. 2014-ന് മുമ്പ് നിർമ്മാണം പൂർത്തീകരിച്ച ശൗചാലയങ്ങൾക്ക് യൂണിറ്റ് നിരക്കിന്റെ (യൂണിറ്റ് നിരക്ക് - ₹1,50,000/-) മുഴുവൻ തുകയും അനുവദിക്കാവുന്നതാണ്.
- യൂണിറ്റ് നിരക്ക് കണക്കാക്കുന്നത് ക്ലോസറ്റുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലായിരിക്കും. ഓരോ അംഗീകാരം ലഭിച്ചിട്ടുള്ള പബ്ലിക് കമ്മ്യൂണിറ്റി ടോയ്ലറ്റിനും നഗരങ്ങളുടെ എണ്ണത്തിനനുസൃതമായി തുക വിനിയോഗിക്കാവുന്നതാണ്. അധിക തുക ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ ജില്ലാ മിഷനുകളുടെ അംഗീകാരത്തിന് വിധേയമായി തുക വിനിയോഗിക്കാവുന്നതാണ്.

**5. പ്രവർത്തനവും പരിപാലനവും**

- അറ്റകുറ്റപ്പണികൾ പൂർത്തിയായ ഉടൻ പൊതുശൗചാലയങ്ങളുടെ തുടർച്ചയായ പ്രവർത്തനം ഉറപ്പാക്കേണ്ടതാണ്.
- എല്ലാ പൊതുശൗചാലയങ്ങളിലും ശുചിത്വ മിഷൻ അംഗീകരിച്ച പ്രതിദിന ശുചീകരണ-പരിപാലന ചെക്ക് ലിസ്റ്റ് (Daily Cleaning and Maintenance Checklist) നിർബന്ധമായും സൂക്ഷിക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പതിവായി പരിശോധിച്ച് ശുചിത്വവും

പ്രവർത്തനക്ഷമതയും ഉറപ്പാക്കേണ്ടതുമാണ്.

- പൊതുശൗചാലയങ്ങളുടെ വാട്ടർ ബിൽ, വൈദ്യുതി ചാർജ്, സെപ്റ്റിക് ടാങ്ക്/ഫിക്കൽ സ്ലഡ്ജ് അംഗീകൃത FSTP/സെപ്റ്റേജ് മാനേജ്മെന്റ് സംവിധാനത്തിലൂടെ നീക്കം ചെയ്യുന്നതിനുള്ള ചെലവ് എന്നിവ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമായിരിക്കും.

- പ്രവർത്തനക്ഷമമാക്കുന്ന എല്ലാ ശുചിമുറികളും ക്ലൂ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.

- എല്ലാ പുതിയ അറ്റകുറ്റപ്പണികളും ഭിന്നശേഷി സൗഹൃദ മാനദണ്ഡങ്ങൾ പാലിച്ചായിരിക്കണം നടത്തേണ്ടത്.
- ശൗചാലയങ്ങളിൽ തടസ്സമില്ലാത്ത ജലലഭ്യത ഉറപ്പാക്കേണ്ടതും SBM ലോഗോ, ഫീഡ്ബാക്ക് QR കോഡ് എന്നിവ പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Krishnadev R L
Date: 14-09-2026
16:51:54
സെക്ഷൻ ഓഫീസർ.